# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : **2684** **19/06/2014** ൽ മറുപടിക്ക്

## സ്കൂളുകളിലെ സൗജന്യ യൂണിഫോം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജയിംസ് മാത്യു | ശ്രീ.പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) കഴിഞ്ഞ അദ്ധ്യയന വർഷം സംസ്ഥാനത്ത് സ്കൂൾ യൂണിഫോം ലഭിക്കുന്നതിന് അർഹരായ കുട്ടികളുടെ എണ്ണമെത്ര; | എ) കഴിഞ്ഞ അദ്ധ്യയന വർഷം സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ 1 മുതൽ 8 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന എ.പി.എൽ വിഭാഗം ആൺകുട്ടികൾ ഒഴികെയുള്ള 2094137 കുട്ടികൾക്കാണ് യൂണിഫോം വിതരണം ചെയ്തിട്ടുള്ളത്. |
| ബി) എത്ര കുട്ടികൾക്കാണ് യൂണിഫോം വിതരണം ചെയ്യാനായത്; അദ്ധ്യയന വർഷം അവസാനിച്ചശേഷം യൂണിഫോം വിതരണം നടത്തിയതിനാൽ മിക്ക കുട്ടികൾക്കും യൂണിഫോം ലഭിക്കാതെ പോയിട്ടുണ്ടോ; | ബി) കഴിഞ്ഞ അദ്ധ്യയന വർഷത്തെ അർഹരായ എല്ലാ വിദ്യാർത്ഥികൾക്കും യൂണിഫോം നൽകാൻ നിർദ്ദേശിച്ചിട്ടുണ്ട്. |
| സി) ഇതിന് ആകെ എത്ര തുക ചിലവായി; ഏത് ഫണ്ടിൽ നിന്നാണ് തുക ചെലവഴിച്ചത്; യൂണിഫോം വിതരണത്തിന് വകയിരുത്തിയ ആകെ തുകയെത്ര? | സി) കേന്ദ്ര മാനവ വിഭവ ശേഷി മന്ത്രാലയം യൂണിഫോമിനായി 2013-14 വർഷം അനുവദിച്ച 33.733 കോടി രൂപയിൽനിന്നും 29.5813 കോടി രൂപ സർക്കാർ സ്കൂളുകളിൽ യൂണിഫോം വിതരണത്തിന് വിനിയോഗിച്ചു. എയ്ഡഡ് മേഖലയിൽ യൂണിഫോം വിതരണത്തിന് 50 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ